GOVERNMENT OF KERALA

Abstract

KERALA SERVICE RULES- SPECIAL LEAVE CONNECTED TO INQUIRY OF SEXUAL HARASSMENT-SANCTIONED-ORDERS ISSUED

---

**Finance (Rules-B) Department**

**G.O.(P)No. 119/2017/FIN Thiruvananthapuram,31/08/2017.**

---

Read:-Notification G.S.R.251(E) dated 15.03.2017 of the Ministry of Personnel,Public Grievance and Pensions, Department of Personnel and Training,Government of India.

**ORDER**

As per the notification read above, the Government of India have sanctioned Special leave upto a period of 90 days to an aggrieved female Government Servant on the recommendation of the Internal Committee or the Local Committee, as the case may be, during the pendency of inquiry under the Sexual Harassment of Women at Workplace (Prevention,Prohibition and Redressal) Act,2013.

2.Government are pleased to extend the benefit of Special Leave upto 90 days to the aggrieved female State Government Employees also during the pendency of inquiry into complaints of sexual harassment, subject to the following conditions:

(i)The leave will be granted on the recommendation of the Internal Committee or the Local Committee, as the case may be during the pendency of inquiry under the Sexual Harassment of Women at Workplace (Prevention,Prohibition and Redressal) Act,2013. No officer will be granted leave under these orders from a date prior to the date of commencement of inquiry or from a date after the date of conclusion of inquiry.

(ii) The leave will be allowed to be combined with other kinds of leave except Leave Without Allowances under Appendix XII A/XII B/XII C,Kerala Service Rules.

(iii) The leave shall not be debited against the leave account and the leave details should be entered in the register of special leave referred to in the Government Decision below

Rule 106 Part I Kerala Service Rules.

(iv) The leave will be granted on full pay; i.e. pay admissible had the employee been on duty during the leave period.

3.These orders will come into force with immediate effect.

4.Necessary amendments to the Kerala Service Rules will be issued separately.

By order of the Governor,
**G. ASOK KUMAR, JS-RULES,FIN,**
**O/o JS Finance Rules**
**JOINT SECRETARY**

To

The Principal Accountant General (A&E),Kerala, Thiruvananthapuram.
The Principal Accountant General (G&SSA),Kerala, Thiruvananthapuram.
The Accountant General (E&RSA), Kerala, Thiruvananthapuram.
All Heads of Departments and Offices.
All Departments and Sections of the Secretariat.
The Director of Treasuries, Thiruvananthapuram.
The Secretary, K.P.S.C., Thiruvananthapuram (with C.L.)
The General Manager, K.S.R.T.C., Thiruvananthapuram.
The Registrar, High Court of Kerala, Ernakulam (with C.L.)
The Registrar, University of Kerala/Kochi/Calicut/Mahatma Gandhi/Kannur (with C.L.)
The Registrar, Fisheries University (with C.L.)
The Registrar, Kerala Veterinary and Animal Science University(with C.L.)
The Registrar, Kerala University of Health & Allied Sciences (with C.L.)
The Registrar, National University of Advanced Legal Studies (with C.L.)
The Registrar, Central University of Kerala (with C.L.)
The Registrar, Thunchath Ezhuthachan Malayalam University (with C.L)
The Registrar, Kerala Lok Ayukta, Thiruvananthapuram.
The Registrar, Kerala Agricultural University, Mannuthi.
The Registrar, Sree Sankara Sanskrit University, Kalady (with C.L.)
The Secretary,Ombudsman for Local Self Government, Thiruvananthapuram.
The Advocate General, Kerala, Ernakulam (with C.L.)
The Secretary, K.S.E.B., Thiruvananthapuram (with C.L.)
All Principal Secretaries/Secretaries/Special Secretaries/Additional Secretaries/Joint Secretaries/Deputy Secretaries/Under Secretaries to Government.
The Secretary to Governor, Raj Bhavan.
The Private Secretary to Speaker/Deputy Speaker of the Legislative Assembly.
The Additional Secretay to the Chief Secretary.
The Secretary, Human Rights Commission, Thiruvananthapuram.
The Private Secretaries to the Chief Minister and other Ministers.
The Private Secretary to the Leader of Opposition.

The State Election Commissioner, Kerala, Thiruvananthapuram.
The State Chief Information Commissioner (with C.L.)
The Nodal Officer, www.finance.kerala.gov.in.
The Web and New Media, Information & Public Relations Department.
The Stock File/Office Copy.

Forwarded By Order

Section Officer

**കേരള സർക്കാർ**

**സംഗ്രഹം**

കേരള സർവീസ് ചട്ടങ്ങൾ- ലൈംഗികാതിക്രമം സംബന്ധിച്ച അന്വേഷണവുമായി ബന്ധപ്പെട്ട് പ്രത്യേക അവധി അനുവദിച്ച് ഉത്തരവ്

പുറപ്പെടുവിക്കുന്നു.

---

ധനകാര്യ(റൂൾസ്-ബി)വകുപ്പ്

**G.O.(P)No. 119/2017/FIN**
**തിരുവനന്തപുരം, 31/08/2017**

---

പരാമർശം:-Notification No.G.S.R.251(E) dated 15.03.2017 of the Ministry of Personnel,Public Grievance and Pensions, Department of Personnel and Training,Government of India.

**ഉത്തരവ്**

പരാമർശ വിജ്ഞാപന പ്രകാരം കേന്ദ്രസർക്കാർ, ജോലി സ്ഥലങ്ങളിൽ ലൈംഗികാതിക്രമത്തിന് ഇരയാകുന്ന വനിതാ ജീവനക്കാർക്ക്ഇന്റേർണൽ കമ്മിറ്റിയുടേയോ ലോക്കൽ കമ്മിറ്റിയുടേയോ ശുപാർശയുടെ അടിസ്ഥാനത്തിൽ 'The Sexual Harassment of Women at Workplace(Prevention,Prohibition and Redressal)Act,2013' പ്രകാരമുള്ള അന്വേഷണം നടക്കുന്ന കാലയളവിൽ പരമാവധി 90 ദിവസം വരെ പ്രത്യേക അവധി അനുവദിച്ചിട്ടുണ്ട്.

2. കേന്ദ്രസർക്കാർ അനുവദിച്ച പരമാവധി 90 ദിവസത്തെ പ്രത്യേക അവധി ആനുകൂല്യം, ചുവടെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ലൈംഗികാതിക്രമത്തിന് ഇരയാകുന്ന സംസ്ഥാന സർക്കാർ വനിതാ ജീവനക്കാർക്ക് കൂടി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(I) ഇന്റേർണൽ കമ്മിറ്റിയുടേയോ ലോക്കൽ കമ്മിറ്റിയുടേയോ ശുപാർശയുടെ അടിസ്ഥാനത്തിൽ, 'The Sexual Harassment of Women at Workplace(Prevention,Prohibition and Redressal) Act,2013' പ്രകാരമുള്ള അന്വേഷണ നടപടികൾ നടക്കുന്ന കാലയളവിൽ പരമാവധി 90 ദിവസം വരെ അവധി അനുവദിക്കുന്നതാണ്. അന്വേഷണ നടപടികൾ ആരംഭിക്കുന്നതിനു മുൻപുള്ള ഒരു തീയതി മുതലോ അന്വേഷണം

പൂർത്തിയായതിനു ശേഷമുള്ള ഒരു തീയതി മുതലോ ഈ അവധി അനുവദിക്കുന്നതല്ല**.**

(ii) ഈ അവധി കേരള സർവ്വീസ് ചട്ടങ്ങൾ അനുബന്ധം XII A,XII B,XII C പ്രകാരമുള്ള ശൂന്യവേതനാവധി ഒഴികെയുള്ള അവധികളോടൊപ്പം ചേർത്തെടുക്കാവുന്നതാണ്.

(iii) ലൈംഗികാതിക്രമത്തിന് ഇരയാകുന്ന വനിതാ ഉദ്യോഗസ്ഥർക്ക് അനുവദിക്കുന്ന പ്രത്യേക അവധി, അവധി അക്കൗണ്ടിൽ നിന്ന് കുറവുവരുത്തുന്നതല്ല. എന്നാൽ ഈ അവധി സംബന്ധിച്ച വിശദാംശങ്ങൾ കേരള സർവ്വീസ് ചട്ടങ്ങൾ,ഭാഗം I,ചട്ടം 106-ന് ചുവടെയുള്ള സർക്കാർ തീരുമാനത്തിൽ സൂചിപ്പിച്ചിട്ടുള്ള പ്രത്യേക അവധി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

(iv) ഈ അവധി മുഴുവൻ ശമ്പളത്തോടെ അതായത് അവധി കാലയളവിൽ ഉദ്യോഗസ്ഥ ഡ്യൂട്ടിയിലായിരുന്നുവെങ്കിൽ അനുവദനീയമായ ശമ്പളത്തോടെ അനുവദിക്കുന്നതാണ്.

3. ഈ ഉത്തരവ് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

4 . കേരള സർവ്വീസ് ചട്ടങ്ങൾ ഭേദഗതി ചെയ്ത് പ്രത്യേകം ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

ഗവർണറുടെ ഉത്തരവിൻപ്രകാരം,

G. ASOK KUMAR, JS-RULES,FIN, O/o JS Finance Rules

JOINT SECRETARY

പകർപ്പ് :

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.

എല്ലാ വകുപ്പ് തലവൻമാർക്കും ഓഫീസുകൾക്കും

സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി, കെ.പി.എസ്.സി, തിരുവനന്തപുരം (ആമുഖ കത്തോടുകൂടി).

ജനറൽ മാനേജർ, കെ.എസ്.ആർ.റ്റി.സി, തിരുവനന്തപുരം.

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്തോടുകൂടി).

രജിസ്ട്രാർ, കേരള/കൊച്ചി/കോഴിക്കോട്/മഹാത്മാഗാന്ധി/കണ്ണൂർ സർവ്വകലാശാലകൾ (ആമുഖ കത്തോടുകൂടി).

രജിസ്ട്രാർ, ഫിഷറീസ് യൂണിവേഴ്സിറ്റി (ആമുഖ കത്തോടുകൂടി).

രജിസ്ട്രാർ, കേരള വെറ്ററിനറി ആന്റ്ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി (ആമുഖ കത്തോടുകൂടി).

രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് ആന്റ് അലൈഡ് സയൻസസ്(ആമുഖ കത്തോടുകൂടി).

രജിസ്ട്രാർ, നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് (ആമുഖ കത്തോടുകൂടി).

രജിസ്ട്രാർ, സെൻട്രൽ യൂണിവേഴ്സിറ്റി ഓഫ് കേരള (ആമുഖ കത്തോടുകൂടി).

രജിസ്ട്രാർ, തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം യൂണിവേഴ്സിറ്റി (ആമുഖ കത്തോടുകൂടി).

രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം.

രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, മണ്ണുത്തി.

സെക്രട്ടറി, തദ്ദേശസ്വയംഭരണ ഓംബുഡ്സ്മാൻ, തിരുവനന്തപുരം.

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്തോടുകൂടി).

സെക്രട്ടറി, കെ.എസ്.ഇ.ബി, തിരുവനന്തപുരം (ആമുഖ കത്തോടുകൂടി).

എല്ലാ ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും സ്പെഷ്യൽ സെക്രട്ടറിമാർക്കും, അഡീഷണൽ സെക്രട്ടറിമാർക്കും, ജോയിന്റ് സെക്രട്ടറിമാർക്കും, ഡെപ്യൂട്ടി സെക്രട്ടറിമാർക്കും, അണ്ടർ സെക്രട്ടറിമാർക്കും

ഗവർണ്ണറുടെ സെക്രട്ടറി, രാജ്ഭവൻ.

നിയമസഭാ സ്പീക്കറുടെയും, ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.

ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്.

സെക്രട്ടറി, മനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം.

രജിസ്ട്രാർ, ശ്രീ.ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (ആമുഖ കത്തോടുകൂടി).

മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.

പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്.

സ്റ്റേറ്റ് ഇലക്ഷൻ കമ്മീഷണർ, കേരള, തിരുവനന്തപുരം.

സ്റ്റേറ്റ് ചീഫ് ഇൻഫർമേഷൻ കമ്മീഷണർ (ആമുഖ കത്തോടുകൂടി).

നോഡൽ ഓഫീസർ, www.finance.kerala.gov.in

ദി വെബ് & ന്യൂ മീഡിയ,വിവര പൊതുജന സമ്പർക്ക വകുപ്പ്.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ